കേന്ദ്ര ഗവൺമെൻറ്
നിയമ മന്ത്രാലയം

# തടവുകാർ (കോടതികളിൽ ഹാജരാകൽ) ആക്റ്റ്, 1955

## (1955—ലെ 32—ാം ആക്റ്റ്)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനു വേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
ആ പ്രസ്സിൽ അച്ചടിപ്പിച്ച് പ്രസിദ്ധീകരിക്കുന്നത്.

1975

0-50

കേന്ദ്ര ഗവൺമെൻറ്
നിയമ മന്ത്രാലയം

# തടവുകാർ (കോടതികളിൽ ഹാജരാകൽ) ആക്റ്റ്, 1955

[1955-ലെ 32-ാം ആക്റ്റ്]

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
ആ പ്രസ്സിൽ അച്ചടിപ്പിച്ച് പ്രസിദ്ധീകരിക്കുന്നത്.

1975

©
കേന്ദ്ര ഗവൺമെൻറ്
നിയമ മന്ത്രാലയം

# തടവുകാർ (കോടതികളിൽ ഹാജരാകൽ) ആക്ററ്, 1955

(1955–ലെ 32–ാം ആക്ററ്)

കാരാഗൃഹങ്ങളിൽ തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ള ആളുകളുടെ തെളിവ് ലഭിക്കുന്നതിനോ ക്രിമിനൽ ചാർജ്ജിന് ഉത്തരം പറയുന്നതിനോ വേണ്ടി കോടതികളിൽ അവരുടെ ഹാജരിന് വ്യവസ്ഥ ചെയ്യുന്ന ആക്ററ്

[1955 സെപ്ററംബർ, 20]

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ആറാം സംവൽസരത്തിൽ പാർലമെൻറ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്ററിന് തടവുകാർ (കോടതികളിൽ ഹാജരാകൽ) ആക്ററ്, 1955 എന്ന് പേർപറയാവുന്നതാണ്.

(2) ഇത് ജമ്മു–കാശ്മീർ സ്റേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. നിർവ്വചനങ്ങൾ—ഈ ആക്ററിൽ.— (ക) ''കാരാഗൃഹത്തിലെ തടഞ്ഞുവയ്ക്കൽ''—കാരാഗൃഹത്തിലെ തടഞ്ഞുവയ്ക്കലിനെപ്പററിയുള്ള പരാമർശങ്ങളിൽ, അവ ഏതു രൂപത്തിലുള്ള വാക്കുകളിലായാലും, നിവാരകത്തടങ്കലിന് വ്യവസ്ഥചെയ്യുന്ന ഏതെങ്കിലും നിയമത്തിൻകീഴിലുള്ള തടഞ്ഞുവയ്ക്കലോ തടങ്കലിൽ വയ്ക്കലോ ഉൾപ്പെടുന്നു.

(ഖ) ''കാരാഗൃഹ''ത്തിൽ,—

(i) സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവിനാൽ സബ്സിഡിയറി ജയിലായി സ്റേററ് ഗവൺമെൻറ് പ്രഖ്യാപിക്കുന്ന ഏതെങ്കിലും സ്ഥലവും;

(ii) ഏതെങ്കിലും ദുർഗ്ഗുണപരിഹാര പാഠശാലയും അല്ലെങ്കിൽ ബോർസ്ററൽ സ്ഥാപനവും അല്ലെങ്കിൽ അതേ പ്രകൃതത്തിലുള്ള മററ് സ്ഥാപനവും;

ഉൾപ്പെടുന്നു.

(ഗ) ''സ്റേററ് ഗവൺമെൻറി''ന്, ഒരു യൂണിയൻ രാജ്യക്ഷേത്രത്തെ സംബന്ധിച്ചിടത്തോളം, അതിന്റെ ഭരണകർത്താവ് എന്ന് അർത്ഥമാകുന്നു.

3. തെളിവ് കൊടുക്കാനോ ഒരു ചാർജ്ജിന് ഉത്തരം പറയാനോ തടവുകാരുടെ ഹാജരാകലിന് ആവശ്യപ്പെടാൻ കോടതികൾക്കുള്ള അധികാരം.—(1) ഏതെങ്കിലും സിവിൽ കോടതിയോ ക്രിമിനൽ കോടതിയോ അതിന്റെ മുമ്പാകെ വിചാരണയിൽ ഇരിക്കുന്ന ഏതെങ്കിലും വിഷയത്തിൽ ഏതെങ്കിലും കാരാഗൃഹത്തിൽ തടഞ്ഞുവയ്ക്കപ്പെട്ടിരിക്കുന്ന ഏതെങ്കിലും ആളുടെ തെളിവ് സാരവത്തായതാണെന്നു കരുതുന്നുവെങ്കിൽ അതിന് (1)–ാം പട്ടികയിൽ കൊടുത്തിട്ടുള്ള ഫാറത്തിൽ, കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനോട് നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവ് ചെയ്യാവുന്നതാണ്;

എന്നാൽ, യാതൊരു സിവിൽ കോടതിക്കും ആ കോടതി കൂടുന്ന സ്റ്റേററിന്റെ പുറത്തുള്ള ഒരു കാരാഗൃഹത്തിൽ തടഞ്ഞുവയ്ക്കപ്പെട്ട ഒരാളെ സംബന്ധിച്ച് ഈ ഉപവകുപ്പിൻകീഴിൽ ഉത്തരവ് ചെയ്യാവുന്നതല്ല.

(2) ഏതെങ്കിലും ക്രിമിനൽ കോടതിക്ക്, ഒരു കുററത്തിന്, ഏതെങ്കിലും കാരാഗൃഹത്തിൽ തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ള ഒരാൾക്കെതിരായുള്ള ഒരു ചാർജ്ജ് അതിന്റെ മുമ്പാകെ ഉന്നയിക്കുകയോ നിലവിലിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, 2–ാം പട്ടികയിൽ കൊടുത്തിട്ടുള്ള ഫാറത്തിൽ, ആ കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനോട് നിദേശിച്ചുകൊണ്ടുള്ള ഉത്തരവ് ചെയ്യാവുന്നതാണ്.

(3) ഒരു ജില്ലാ ജഡ്ജിയുടെ കീഴിലുള്ള സിവിൽകോടതി, ഈ വകുപ്പിൻകീഴിൽ ചെയ്യുന്ന യാതൊരു ഉത്തരവിനും, ആ ജില്ലാ ജഡ്ജി അതിൽ മേലൊപ്പു വയ്ക്കാത്ത പക്ഷം, പ്രഭാവമുണ്ടായിരിക്കുന്നതല്ല; ഒരു ഒന്നാം ക്ലാസ് മജിസ്ട്രേററ് കോടതിയ്ക്ക് താഴെയുള്ള ഒരു ക്രിമിനൽകോടതി ഈ വകുപ്പിൻകീഴിൽ ചെയ്യുന്ന യാതൊരു ഉത്തരവിനും, അത് ആ കോടതി ഏത് ജില്ലാ മജിസ്ട്രേററിന്റെ കീഴിലാണോ അല്ലെങ്കിൽ ഏത് ജില്ലാ മജിസ്ട്രേററിന്റെ കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിലാണോ സ്ഥിതി ചെയ്യുന്നത്, ആ ജില്ലാ മജിസ്ട്രേററിന്റെ മേലൊപ്പു ഇല്ലാത്ത പക്ഷം പ്രഭാവമുണ്ടായിരിക്കുന്നതല്ല.

(4) 3–ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക്, ഒരു പ്രസിഡൻസി ടൗണിനോ ഹൈദ്രാബാദ് നഗരത്തിനോ പുറത്തുള്ള ഒറു സ്മാൾകാസ്കോടതി, അത് ഏത് ജില്ലാ ജഡ്ജിയുടെ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിലാണോ സ്ഥിതിചെയ്യുന്നത്, ആ ജില്ലാ ജഡ്ജിയുടെ കീഴിലാണെന്ന് കരുതപ്പെടുന്നതാകുന്നു.

4. <u>3–ാം വകുപ്പിന്റെ പ്രവർത്തനത്തിൽനിന്നു ചില ആളുകളെ ഒഴിവാക്കാൻ സ്റ്റേററ്ഗവൺമെൻറിനുള്ള അധികാരം.</u>—(1) സ്റ്റേററ് ഗവൺമെൻറിന് (2)–ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച വിഷയങ്ങൾ കണക്കിൽ എടുത്തുകൊണ്ട്, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, ഏതെങ്കിലും ആളേയോ ഏതെങ്കിലും തരത്തിൽപെട്ട ആളുകളേയോ, (അയാളേയോ അവരേയോ), തടഞ്ഞുവയ്ക്കുന്ന കാരാഗൃഹത്തിൽ നിന്ന് നീക്കംചെയ്യരുതെന്ന് നിദേശിക്കാവുന്നതും, അതോടെ അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ് പ്രാബല്യത്തിലിരിക്കുന്നിടത്തോളം (3)–ാം വകുപ്പിലെ വ്യവസ്ഥകൾ അങ്ങനെയുള്ള ആൾക്കോ തരത്തിൽപെട്ട ആളുകൾക്കോ ബാധകമാകുന്നതല്ലാത്തതും ആകുന്നു.

(2) (1)–ാം ഉപവകുപ്പിൻകീഴിൽ ഉത്തരവ് ചെയ്യുന്നതിനുമുൻപ് സ്റ്റേററ്ഗവൺമെൻറ് താഴെപറയുന്ന വിഷയങ്ങൾ കണക്കിൽ എടുക്കേണ്ടതാണ്, അതായത്:—

(ക) ആ ആളേയോ തരത്തിൽപ്പെട്ട ആളുകളേയോ കാരാഗൃഹത്തിൽ തടഞ്ഞുവയ്ക്കുവാൻ ഉത്തരവ് ചെയ്തത് ഏത് കുററത്തിനാണോ ആ കുററത്തിന്റെ സ്വഭാവവും, ഏത് കാരണങ്ങളിൻമേലാണോ ആ കാരണങ്ങളും;

(ഖ) ആ ആളേയോ തരത്തിൽപ്പെട്ട ആളുകളേയോ കാരാഗൃഹത്തിൽ നിന്ന് നീക്കം ചെയ്യാൻ അനുവദിക്കുന്നുവെങ്കിൽ പൊതുസമാധാനത്തിന് കലക്കം ഉണ്ടാകാനുള്ള സംഭാവ്യത;

(ഗ) പൊതുതാൽപര്യം, സാമാന്യമായി.

5. തടവുകാർ കൊണ്ടുവരപ്പെടണമെന്ന്.—3-ാം വകുപ്പിൻകീഴിൽ ചെയ്ത ഏതെങ്കിലും ഉത്തരവ്, അതിൽ പേർ പറഞ്ഞിട്ടുള്ള ആളെ തടഞ്ഞുവച്ചിട്ടുള്ള ആ കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന്, ഡെലിവർ ചെയ്യുന്നതിന്മേൽ അയാളെ, ആ ഉദ്യോഗസ്ഥൻ അയാൾ ഹാജരാകേണ്ടത് ഏതു കോടതിയിലാണോ, ആ കോടതിയിലേയ്ക്ക് അങ്ങനെയുള്ള ഉത്തരവിൽ പറഞ്ഞിട്ടുള്ള സമയത്ത്, അയാൾ അവിടെ സന്നിഹിതനാകത്തക്കവണ്ണം കൊണ്ടുചെല്ലാൻ ഇടയാക്കുകയും അയാളെ വിസ്തരിക്കുന്നതുവരെയോ, അയാളെ തടഞ്ഞുവച്ചിരിക്കുന്ന കാരാഗൃഹത്തിലേയ്ക്ക്, അയാളെ തിരിയെ കൊണ്ടുപോകുന്നതിന്, ആ കോടതിയിലെ ജഡ്ജിയോ അതിന്റെ അദ്ധ്യക്ഷത വഹിക്കുന്ന ഉദ്യോഗസ്ഥനോ പ്രാധികാരം നല്കുന്നതുവരേയോ, അയാളെ കോടതിയിലോ കോടതിയുടെ അടുത്തോ കസ്ററഡിയിൽ തടങ്കലിൽ വയ്പിക്കുകയും ചെയ്യേണ്ടതാകുന്നു.

6. കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ എപ്പോൾ ഉത്തരവ് നടപ്പാക്കാതിരിക്കണമെന്ന്.—ആരെ സംബന്ധിച്ചാണോ 3-ാം വകുപ്പിൻകീഴിലുള്ള ഉത്തരവ് ചെയ്തിട്ടുള്ളത്, ആ ആൾ—

(ക) രോഗമോ, മററു ദൗർബല്യമോ കാരണം കാരാഗൃഹത്തിൽ നിന്ന് നീക്കം ചെയ്യപ്പെടുവാൻ പററാത്ത ആളാണെന്ന്, ഇതിലേയ്ക്ക് ഉണ്ടാക്കിയ ചട്ടങ്ങളനുസരിച്ച് പ്രഖ്യാപിക്കപ്പെട്ടിരിക്കുകയോ; അല്ലെങ്കിൽ

(ഖ) വിചാരണയ്ക്ക് കമ്മിററു ചെയ്യപ്പെട്ട ആളായിരിക്കുകയോ; അല്ലെങ്കിൽ

(ഗ) വിചാരണ നിലവിലിരിക്കെ അല്ലെങ്കിൽ പ്രാരംഭാന്വേഷണം നിലവിലിരിക്കെ റിമാൻഡിലായിരിക്കുകയോ; അല്ലെങ്കിൽ

(ഘ) ഈ ആക്ററിൻകീഴിൽ അയാളെ നീക്കം ചെയ്യുന്നതിനും, അയാളെ തടഞ്ഞുവച്ചിരിക്കുന്ന കാരാഗൃഹത്തിലേയ്ക്ക് തിരിയെ കൊണ്ടുപോകുന്നതിനും വേണ്ട സമയം അവസാനിക്കുന്നതിനുമുൻപ് അവസാനിക്കുന്ന ഒരു കാലത്തേയ്ക്കുള്ള കസ്ററഡിയിലായിരിക്കുകയോ,

ചെയ്യുന്നിടത്ത്, കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ, ഉത്തരവു നടപ്പാക്കാതിരിക്കുകയും അപ്രകാരം നടപ്പാക്കാതിരിക്കുന്നതിനുള്ള കാരണങ്ങളുടെ ഒരു സ്ററേറമെന്റ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടായിരുന്ന കോടതിക്ക് അയക്കുകയും ചെയ്യേണ്ടതാകുന്നു;

എന്നാൽ, മുൻപറഞ്ഞ തരത്തിലുള്ള ഉദ്യോഗസ്ഥൻ—

(i) ഉത്തരവ് ചെയ്യപ്പെട്ടിട്ടുള്ള ക്രിമിനൽ കോടതിയാലായിരിക്കുകയും;

(ii) ഉത്തരവിൽ പേർപറഞ്ഞിട്ടുള്ള ആൾ, വിചാരണയ്ക്ക് കമ്മിററു ചെയ്യപ്പെട്ടതിൻ കീഴിലോ അല്ലെങ്കിൽ വിചാരണ നിലവിലിരിക്കെ ഉള്ളതോ പ്രാരംഭാന്വേഷണം നിലവിലിരിക്കെ ഉള്ളതോ ആയ റിമാൻഡിൻ കീഴിലോ തടഞ്ഞുവയ്ക്കപ്പെട്ടിരിക്കുകയും, രോഗമോ മററു ദൗർബല്യമോ കാരണം കാരാഗൃഹത്തിൽനിന്ന് നീക്കം ചെയ്യപ്പെടുവാൻ പററാത്ത ആളാണെന്ന് ഇതിലേയ്ക്ക് ഉണ്ടാക്കിയ ചട്ടങ്ങളനുസരിച്ച് പ്രഖ്യാപിക്കപ്പെടാതിരിക്കുകയും;

(iii) ഉത്തരവിൽ പേർ പറഞ്ഞ ആളുടെ തെളിവ് ഏതു സ്ഥലത്താണോ ആവശ്യമുള്ളത്, ആ സ്ഥലം അയാളെ തടഞ്ഞുവച്ചിരിക്കുന്ന കാരാഗൃഹത്തിൽനിന്ന് അഞ്ചു മൈലിൽ കൂടുതൽ ദൂരെയല്ലാതിരിക്കുകയും;

ചെയ്യുന്നിടത്ത്, അപ്രകാരം നടപ്പാക്കാതിരിക്കാൻ പാടുള്ളതല്ല.

7. തടവുകാരെ വിസ്തരിക്കുന്നതിനുള്ള കമ്മീഷനുകൾ.—താഴെപറയുന്ന സംഗതികളിൽ ഏതിലെങ്കിലും, അതായത്,—

(ക) ഏതെങ്കിലും സിവിൽ കോടതിയ്ക്ക് കാരാഗൃഹത്തിൽ തടഞ്ഞു വച്ചിരിക്കുന്ന ഏതെങ്കിലും ആളുടെ തെളിവ്, അതിന്റെ മുമ്പാകെ നിലവിലിരിക്കുന്ന ഏതെങ്കിലും വിഷയത്തിൽ സാരവത്തായുള്ളതാണെന്നും, 6-ാം വകുപ്പിലെ വ്യവസ്ഥകളോ 4-ാം വകുപ്പിൻകീഴിലെ ഒരു ഉത്തരവോ, 3-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ, നീക്കം ചെയ്യുന്നതിനുള്ള ഒരു ഉത്തരവ് മേലൊപ്പു വയ്ക്കുന്നതിനുള്ള ജില്ലാ ജഡ്ജിയുടെ വിസമ്മതമോ കാരണമായി, അങ്ങനെയുള്ള ആൾ കോടതിയിൽ ഹാജരാകുന്നതു ഉറപ്പുവരുത്താൻ കഴിയുകയില്ലെന്ന് തോന്നുന്നിടത്തോ;

(ഖ) മേല്പറഞ്ഞ തരത്തിലുള്ള ഏതെങ്കിലും സിവിൽക്കോടതിക്ക്, ആ കോടതി കൂടുന്ന സ്റേറററിന് പുറത്തോ, അല്ലെങ്കിൽ കോടതി കൂടുന്ന സ്ഥലത്തുനിന്ന് അൻപതു മൈലിൽ കൂടുതൽ ദൂരെയുള്ള ഒരു സ്ഥലത്തോ സ്ഥിതി ചെയ്യുന്ന കാരാഗൃഹത്തിൽ തടഞ്ഞുവച്ചിരിക്കുന്ന ഒരു തടവുകാരന്റെ തെളിവ്, അങ്ങനെയുള്ള ഏതെങ്കിലും വിഷയത്തിൽ സാരവത്തായതാണെന്ന് തോന്നുന്നിടത്തോ;

കോടതിക്ക്, യുക്തമെന്നു അത് കരുതുന്നുവെങ്കിൽ, ആ ആളെ, അയാളെ തടഞ്ഞുവച്ചിരിക്കുന്ന കാരാഗൃഹത്തിൽ വച്ച് വിസ്തരിക്കുവാൻ സിവിൽ നടപടി നിയമസംഹിത, 1908-ലെ (1908-ലെ 5) വ്യവസ്ഥകളിൻ കീഴിൽ കമ്മീഷൻ പുറപ്പെടുവിക്കാവുന്നതാണ്.

8. ക്രിമിനൽ നടപടി നിയമ സംഹിതയിലേയും സിവിൽ നടപടി നിയമ സംഹിതയിലേയും ചില വ്യവസ്ഥകൾ ബാധകമാകുമെന്ന്.—ഈ ആക്ററിലും അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളിലും മററുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധം ഒഴികെ, കാരാഗൃഹത്തിൽ തടഞ്ഞുവച്ചിരിക്കുന്ന ഒരാളെ കമ്മീഷൻ മേലോ അല്ലാതേയോ വിസ്തരിക്കുന്നതു സംബന്ധിച്ച്, അതതു സംഗതിപോലെ, സിവിൽ നടപടി നിയമ സംഹിത, 1908 ലേയും (1908-ലെ 5) ക്രിമിനൽ നടപടി നിയമസംഹിത, 1898 ലേയും (1898-ലെ 5) വ്യവസ്ഥകൾ ആകുന്നത്ര, ഏതെങ്കിലും ആളെ കമ്മീഷനിൻമേൽ വിസ്തരിക്കുന്നതിന് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

9. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സ്റേററ് ഗവൺമെന്റിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിന്റെ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ചട്ടങ്ങളുണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്കു ഭംഗംവരാതേയും, അങ്ങനെയുള്ള ചട്ടങ്ങൾക്ക്—

(ക) 3-ാം വകുപ്പിൻകീഴിൽ ചെയ്ത ഒരു ഉത്തരവിന്റെ മേലൊപ്പു വാങ്ങുന്നതിനുള്ള നടപടിക്കും;

(ഖ) കാരാഗൃഹത്തിൽ തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ള ഒരാൾ അവിടെ നിന്ന് നീക്കം ചെയ്യപ്പെടാൻ പാററാത്ത ആളാണെന്നുള്ള പ്രഖ്യാപനം ചെയ്യേണ്ട അധികാരസ്ഥാനം ഏതെന്നും ചെയ്യേണ്ട രീതിയെന്തെന്നുമുള്ളതിനും;

(ഗ) 3-ാം വകുപ്പിൻകീഴിൽ ഒരു സിവിൽകോടതി ചെയ്യുന്ന ഉത്തരവ് നടപ്പാക്കാവുന്നത് ചെലവും ചാർജ്ജും കൊടുക്കൽ ഉൾപ്പെടെയുള്ള ഏതു ഉപാധികൾക്ക് വിധേയമായാണോ, ആ ഉപാധികൾക്കും;

(ഘ) ഏതെങ്കിലും കോടതി പുറപ്പെടുവിക്കുന്നതും കാരാഗൃഹത്തിൽ തടഞ്ഞുവയ്ക്കപ്പെട്ടിരിക്കുന്ന ഒരാൾക്കെതിരായുള്ളതും ആയ പ്രാസസ് അയാൾക്ക് നടത്തേണ്ട രീതിയ്ക്കും;

(ങ) കാരാഗൃഹത്തിൽ തടഞ്ഞു വയ്ക്കപ്പെട്ടിരിക്കുന്ന ആളുകൾ ഏതു കോടതിയിൽ ഹാജരാകാനാണോ ആവശ്യപ്പെട്ടിട്ടുള്ളത്, ആ കോടതിയിലേക്കും അവിടെനിന്നുമുള്ള അവരുടെ അകമ്പടിക്കും അങ്ങനെ ഹാജരാകുന്ന സമയത്തുള്ള അവരുടെ കസ്റ്റഡിക്കും;

(ച) അങ്ങനെയുള്ള അകമ്പടിക്കുള്ള ചെലവിനും ചാർജ്ജിനുമായി അനുവദിക്കേണ്ട തുകയ്ക്കും;

(ഛ) ഈ ആക്റ്റ് പ്രവർത്തനത്തിൽ കൊണ്ടുവരുന്നതിനോടു ബന്ധപ്പെട്ട മററ് എല്ലാ വിഷയങ്ങളിലും ഉദ്യോഗസ്ഥൻമാർക്കുള്ള മാർഗ്ഗ നിർദ്ദേശത്തിനും,

വ്യവസ്ഥ ചെയ്യാവുന്നതാണ്.

10. റദ്ദാക്കൽ:—(1) തടവുകാർ ആക്റ്റ്, 1900-ലെ (1900-ലെ 3) IX-ാം ഭാഗവും, ആ ആക്റ്റിലെ ഒന്നും രണ്ടും പട്ടികകളും ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(2) ഈ ആക്റ്റിന്റെ പ്രാരംഭത്തിനു തൊട്ടുമുമ്പായി, ഈ ആക്റ്റു വ്യാപിക്കുന്ന ഏതെങ്കിലും ഖ ഭാഗം സ്റ്റേററിൽ പ്രാബല്യത്തിലിരിക്കുന്നതായി ഈ ആക്റ്റിലെ വ്യവസ്ഥകളുടെ തൽസ്ഥാനത്തുള്ള ഏതെങ്കിലും നിയമമുണ്ടെങ്കിൽ, ആ നിയമം, ഈ ആക്റ്റിൽ കൈകാര്യം ചെയ്തിട്ടുള്ള വിഷയങ്ങളെ സംബന്ധിക്കുന്നിടത്തോളം അങ്ങനെയുള്ള പ്രാരംഭത്തിൽ റദ്ദായിരിക്കുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള നിയമത്തിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ, എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റിലെ തൽസ്ഥാനത്തുള്ള വ്യവസ്ഥകൾക്കു കീഴിൽ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടുന്നതും, ഈ ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യത്താലോ എടുത്ത ഏതെങ്കിലും നടപടിയാലോ അതിലംഘിക്കപ്പെടാത്ത പക്ഷമോ അതിലംഘിക്കപ്പെടുന്നതുവരെയോ, അതനുസരിച്ച് പ്രാബല്യത്തിൽ തുടരുന്നതും ആകുന്നു.

# ഒന്നാം പട്ടിക

[3-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് നോക്കുക]

...................................കോടതി

..............................ൻെറ (കാരാഗൃഹത്തിൻെറ പേര് പറയുക)

ചാർജ്ജുള്ള ഉദ്യോഗസ്ഥന്.

നിങ്ങളോട് ഇപ്പോൾ..............................................ൽ തടഞ്ഞുവയ്ക്കപ്പെട്ടിരിക്കുന്ന .............................................നെ ..............................കോടതി മുൻപാകെ അടുത്ത ..................മാസം..................ദിവസം ഉച്ചയ്ക്ക് മുമ്പ്..................................... ..............മണിക്ക്...............ത്തു മുൻപറഞ്ഞ കോടതി മുമ്പാകെ, ഇപ്പോൾ നിലവിലിരിക്കുന്ന വിഷയത്തിൽ അവിടെ തെളിവു നല്കാനായി സുരക്ഷിതമായും ഭദ്രമായും ഹാജരാക്കുവാനും.............ൻ അപ്പോഴും അവിടെവച്ചും മുൻപറഞ്ഞ കോടതി മുമ്പാകെ തൻെറ തെളിവ് നല്കിയതിന് ശേഷമോ, അല്ലെങ്കിൽ മുൻപറഞ്ഞ കോടതി അയാൾ തുടർന്നു ഹാജരാകുന്നത് വേണ്ടെന്നുവച്ചതിന് ശേഷമോ അയാളെ മുൻപറഞ്ഞ കാരാഗൃഹത്തിലേയ്ക്കു സുരക്ഷിതമായും ഭദ്രമായും തിരിയെ കൊണ്ടുപോകുവാനിടയാക്കാനും, ഇതിനാൽ ആവശ്യപ്പെടുന്നു.

.........................മാസം.......................-ാം-നു

ക ഖ

(മേലൊപ്പ് വച്ചു) ഗ ഘ

## രണ്ടാം പട്ടിക

[3–ാം വകുപ്പിലെ (2)–ാം ഉപവകുപ്പ് നോക്കുക]

................ .............. കോടതി

.......................................ൻെറ (കാരാഗൃഹത്തിൻെറ പേര് പറയുക) ചാർജ്ജുള്ള ഉദ്യോഗസ്ഥന്.

നിങ്ങൾ ഇപ്പോൾ........ ............ൽ തടഞ്ഞുവയ്ക്കപ്പെട്ടിരിക്കുന്ന ..................................നെ.................. .................. കോടതി മുൻപാകെ അടുത്ത.......................മാസം.................. ദിവസം............ഉച്ചയ്ക്ക് മുൻപ്............മണിക്ക്..........ത്ത് മുൻപറഞ്ഞ കോടതി മുൻപാകെ, ഇപ്പോൾ നിലവിലിരിക്കുന്ന ഒരു ചാർജ്ജിന് അവിടെവച്ച് ഉത്തരം പറയാനായി സുരക്ഷിതമായും ഭദ്രമായും ഹാജരാക്കുവാനും അങ്ങനെയുള്ള ചാർജ്ജിൻെറ തീർപ്പായതിനുശേഷമോ അല്ലെങ്കിൽ മുൻപറഞ്ഞ കോടതി അയാൾ തുടർന്നു ഹാജരാകുന്നത് വേണ്ടെന്നുവച്ചതിനു ശേഷമോ അയാളെ മുൻപറഞ്ഞ കാരാഗൃഹത്തിലേയ്ക്ക് സുരക്ഷിതമായും ഭദ്രമായും തിരിയെ കൊണ്ടുപോകുവാനുമായുള്ളതിനും, ഇതിനാൽ ആവശ്യപ്പെടുന്നു.

..........................മാസം.......................–ാംനു

ക ഖ

(മേലൊപ്പ് വച്ചു) ഗ ഘ